
# GHSS MUTHALAMADA

## ACADEMIC MASTERPLAN

## 2025-26



## VISION 2030



-AN SRG PUBLICATION-

# MUTHALAMADA VISION 2030

## ACADEMIC MASTERPLAN 2025-26

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

4. പദ്ധതി രൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങൾ

5. നിലവിലെ അവസ്ഥാ വിശകലനം

6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

7. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

8. പ്രതീക്ഷിത നേട്ടങ്ങൾ

9. മോണിട്ടറിംഗ്

10 . ഉപസംഹാരം

# അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച് പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ

2. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)

3. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ

4. നിലവിലുള്ള കമ്മിറ്റികൾ -അംഗങ്ങളുടെ പട്ടിക

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുതലമട |
| | വിലാസം | : ചുള്ളിയാർ മേട്, മുതലമട (PO), പാലക്കാട് |
| | ഫോൺ | : 04923 275345 |
| 2. | സ്കൂൾ കോഡ് | : 21032 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : കൊല്ലങ്കോട് |
| 4. | വിദ്യാഭ്യാസ ജില്ല | : പാലക്കാട് |
| 5. | റവന്യൂ ജില്ല | : പാലക്കാട് |
| 6. | B R C | : കൊല്ലങ്കോട് |
| 7. | CRC | : കൊല്ലങ്കോട് |
| 8. | ഗ്രാമപഞ്ചായത്ത് | : മുതലമട |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : കൊല്ലങ്കോട് |
| 10. | ജില്ലാ പഞ്ചായത്ത് | : പാലക്കാട് |
| 11. | നിയമസഭാമണ്ഡലം | : നെന്മാറ |
| 12. | ലോകസഭാമണ്ഡലം | : ആലത്തൂർ |
| 13. | താലൂക്ക് | : ചിറ്റൂർ |
| 14. | വില്ലേജ് | : മുതലമട |
| 15. | ഇ-മെയിൽ | : ghsmuthalamada@gmail.com |
| 16. | വെബ്സൈറ്റ് | : www.ghsmuthalamada.com |

# 1. ആമുഖം

വിദ്യാലയചരിത്രം ഏതു കാലഘട്ടത്തിലും ഇഴചേർന്നു കിടക്കുന്നത് ആ നാടിന്റെ ചരിത്രവുമായാണ്. സമൂഹത്തിന്റെയും നാടിന്റെയും വികസനത്തിലെ ആണിക്കല്ലുകളാണ് വിദ്യാല,യങ്ങൾ. തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന മുതലമട പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കണ്ടറി വിദ്യാലയമായ ജി.എച്ച്.എസ്.എസ്. മുതലമട.
നെല്ലിയാമ്പതി മലനിരകളിൽ നിന്നു പ്രവഹിക്കുന്ന നദികളും നീർ പ്രവാഹങ്ങളും മുതലമടയെ വൻ കാടാക്കിത്തീർത്ത പുരാതനകാലത്ത് ഇതിൽ സമൂഹങ്ങളായി നിലനിന്ന ആദിവാസി വിഭാഗങ്ങളുടെ പിൻമുറക്കാർ ഇന്നും ഈ പഞ്ചായത്തിൽ ഏറെയുണ്ട്.
വനാന്തരങ്ങളിൽ നിന്ന് വിദ്യാഭ്യാസവെളിച്ചത്തിലേക്ക് ഇവരെ കൈപിടിച്ചുയർത്താൻ എന്നും സന്നദ്ധയായി വിദ്യാലയം സ്വയം വളർച്ചയുടെ പടവുകൾ താണ്ടുകയായിരുന്നു. വെങ്ങുനാട്, പാലക്കാട് രാജവംശങ്ങളുടെ ഭരണത്തിൽ നിന്ന് ബ്രിട്ടീഷ് മലബാർ ഭരണകാലത്ത് മുതലമടയും അതിൽ ഉൾപ്പെട്ടതായി ചരിത്ര രേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

മുതലമട പഞ്ചായത്തിലുൾപ്പെട്ട നാഗർപാടം, അച്ചനാംകോട്, നണ്ടൻക്കിഴായ, പള്ളം എന്നിവടങ്ങളിലെ പൂഴിയെഴുത്ത് കേന്ദ്രങ്ങളായിരുന്നു ആ കാലഘട്ടത്തിലെ വിദ്യാലയങ്ങൾ എന്ന് കാണാം. ഏറെ വിസ്തൃതവും കാർഷിക സംസ്കൃതി അടിത്തറപാകുന്നതുമായ ഇവിടുത്തെ ജനസമൂഹത്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾ തളിരിട്ട് തുടങ്ങുന്നത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ്. വൈദേശികാധിപത്യത്തിന്റെ തുടക്കം പശ്ചിമഭാഗത്തെ കടലിലൂടെ ആയതും സഞ്ചാരികളുടെ കേരയാത്ര കേരളത്തിന്റെ തെക്കുവടക്കായതും അന്നത്തെ വിദ്യാഭ്യാസ ഭൂപടത്തിൽനിന്ന് മുതലമട അന്യമാകാൻ കാരണമായി.

1957-ലാണ് മുതലമടയുടെ ചരിത്രവിദ്യാലയത്തിന്റെ പിറവി. നാഗമണി മാസ്റ്റർ 40 വിദ്യാർത്ഥികൾക്കൊപ്പം കാമ്പ്രത്ത് ചള്ളയിൽ ആരംഭിച്ച അക്ഷരസപര്യ ചുള്ളിയാർ മേട്ടിലേക്കെത്തിയപ്പോൾ അത് വിദ്യാഭ്യാസ വളർച്ചയുടെ തുടക്കമായി. വെങ്ങുനാട് ധാത്രി വലിയറാണി കനിഞ്ഞ് നൽകിയ സ്ഥലം വിദ്യാലയത്തിന്റെ തട്ടകമായി ഇന്നും തുടരുകയാണ്. പ്രശാന്ത സുന്ദരമായ പ്രകൃതിഭംഗിയുടെ പശ്ചാത്തലത്തിൽ നില നിൽക്കുന്ന വിദ്യാലയം എൽ. പി. യിൽ നിന്നും ഹയർസെക്കണ്ടറിയിലേക്കുള്ള വളർച്ചയുടെ പടവുകൾ കയറിയെത്തിയിരിക്കുകയാണ്. 1964 ലെ ആദ്യ പത്താംതരം ബാച്ചിനിപ്പുറം 2024 വരെയുള്ള കാലഘട്ടത്തിനിടയിൽ പഠിച്ചിറങ്ങി, വിദ്യാലയം മനസ്സുകളിലെ ഗൃഹാതുരതയായി സൂക്ഷിക്കുന്ന ആളുകൾ അനവധിയാണ്. നിരവധി ദേശക്കാർ, സംസ്കാരങ്ങൾ വിദ്യാലയത്തിന്റെ ഭാഗമായി. ഇന്ന് 2024-ൽ അതിന്റെ ഭാഗമാകാൻ UP വിദ്യാർത്ഥികളും, ഹൈസ്കൂൾ വിദ്യാർത്ഥികളും, ഹയർസെക്കണ്ടറി വിദ്യാർത്ഥികളും 100 ലധികം വരുന്ന അധ്യാപക അധ്യാപകേതര ജീവനക്കാരും സന്തോഷപൂർവ്വം ഒരുങ്ങുന്ന കാഴ്ച്ച ഹൃദ്യമായ നിർവൃതിയായി വിദ്യാലയം ഏറ്റുവാങ്ങുകയാണ്.

വികസനവും വളർച്ചയും വിജ്ഞാനവും തന്റെ പ്രിയമക്കളിലൂടെ നാടിന് പകർന്നു നൽകുമ്പോഴും ഗ്രാമീണമായ ശാലീനതയും നിഷ്കളങ്ക സംസ്കാരവും ഒപ്പം ചേർത്തുപിടിക്കുന്ന വിദ്യാലയത്തിൽനിന്ന് ഉയർച്ചയുടെ സ്വപ്നപടവുകൾ താണ്ടുവാനെത്തുന്നവർ ഇനിയുമേറെ. അനന്തവിഹായസ്സിനുമപ്പുറം തിളങ്ങുന്ന വിൺതാരകമായി ഇനിയുമേറെ കാലം നിലനിൽക്കാൻ വിദ്യാലയം സ്വപ്നയാത്ര തുടരുമ്പോൾ ഒരു നാടും സമൂഹവും അതിനായി കൈചേർക്കട്ടെ. നന്മയിലേക്ക്, വളർച്ചയിലേക്ക്, അറിവിന്റെയും സംസ്കാരത്തിന്റെയും പുതിയ ഉന്നതികളിലേക്ക്.

# 2. ലക്ഷ്യങ്ങൾ

1. 5 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം).

2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

3. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

4. ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

5. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

6. ക്ലാസ്സ്മുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

7. കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

8. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസര മൊരുക്കും.

9. പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

10. പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

11. സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

12. ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

13. കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം  പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും.

14. പ്ലാസ്റ്റിക് മുക്ത കീടനാശിനിമുക്ത ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.

15. കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത്ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും.

16. പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

17. വിദ്യാഭ്യാസത്തിന്റെ ജനകീയവൽകരണം അർത്ഥപൂർണ്ണമാക്കും.

18. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

19. സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.

20. സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.

21. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

22. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

23. അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

24. 5 മുതൽ 12-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

## 3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് -

- "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനും.

## 4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ:

1) എസ്.ആർ.ജി. യോഗത്തിൽ "മുതലമട സ്കൂൾ വിഷൻ 2030 "എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2) വികസനാവശ്യങ്ങൾ ക്ലാസ്സ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3) കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, SDC - രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ,

5) പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## 5. നിലവിലെ അവസ്ഥാ വിശകലനം:

### ഭൗതികം നേട്ടങ്ങൾ:

വിശാലമായ കായിക പരിശീലനത്തിനുള്ള ഗ്രൗൻഡ്, HS, UP ക്ലാസുകൾക്ക് പ്രത്യേകം IT ലാബുകൾ, പിന്നോക്ക മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് യാത്രാ സൗകര്യത്തിനായി സ്കൂൾ ബസ്, ഡിജിറ്റൽ സൗകര്യമുള്ള ഹൈസ്കൂൾ ക്ലാസ് മുറികൾ, റാംപ് സൗകര്യമുള്ള സ്കൂൾ കെട്ടിടങ്ങൾ.

### ഭൗതികം: പരിമിതികൾ:

ഓഫീസ് ,സ്റ്റാഫ് റൂo, ലാബ്, ലൈബ്രറി, ക്ലാസ് റൂം എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ക്ലാസ് മുറികൾ കൃത്യമായി പരിപാലിക്കേണ്ടതുണ്ട് (painting ചെയ്യണം). ശൗചാലങ്ങൾ ആധുനിക രീതിയിലുള്ളതല്ല, ഉള്ളവ കൃത്യമായി പരിപാലിക്കേണ്ടതുണ്ട്, ചുറ്റുമതിൽ പൂർണ്ണമല്ല, ആകർഷകമായ കവാടമില്ല, നല്ലൊരു ഓഡിറ്റോറിയം ഇല്ല. വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ഭോജന ശാല ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ ഉള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്.ശുദ്ധജല സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## അക്കാദമികം: നേട്ടങ്ങൾ:

അക്കാദമികമായും,സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മേഖലകളിൽ നിന്നും വരുന്ന കുട്ടികളിൽ നിന്ന് പരമാവധി SSLC വിജയശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അക്ഷര ക്ലാസുകൾ 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് നൽകികൊണ്ട് പരമാവധി കുട്ടികൾക്ക് എഴുത്തും വായനയും മെച്ചപ്പെടുത്തുന്നു. വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് തെളിയിച്ചട്ടുണ്ട്.

## അക്കാദമികം: പരിമിതികൾ:

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ക്ലാസ്സ് ലൈബ്രറികൾ മെച്ചപ്പെടുത്തണം. സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ എണ്ണം കൂടുതലായതു കൊണ്ട് ക്ലാസിൽ സ്ഥിരമായി വരാത്ത കുട്ടികളുടെ എണ്ണവും കൂടുതലാണ്.

## 6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ: ഒറ്റനോട്ടത്തിൽ:

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>•ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>•വായനാപരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>•ലബോറട്ടറി ആധുനികവത്കരിക്കൽ<br>• പ്രതിഭാപോഷണ പരിപാടി<br>• നാടകക്കളരി<br>• ജൈവ വൈവിധ്യപാർക്ക്<br>•സാഹിത്യ പോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>•സെമിനാറുകൾ<br>• ഐ.ടി. പരിശീലനം അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>•ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>•പ്രവൃത്തി പരിചയ പ ഠ നം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>•പച്ചക്കറിത്തോട്ടം<br>• രചനാശിലപശാല<br>•അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ് | •ചുറ്റമതിൽ, ഗേറ്റ് (കവാടം ആകർഷകമാക്കൽ)<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ്സ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>•വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>•അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>•മാലിന്യ സംസ്കരണം<br>• ലബോറട്ടറി<br>•ജന്മദിനത്തിനൊരു പുസ്തകം<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>•എന്റെ ചെടി എനിക്കും പറയാനുണ്ട്. | •പിടിഎ ശക്തിപ്പെടുത്തൽ<br>·എസ്.എം.സി., എസ്.എം.ഡി.സി, കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസനസമിതി<br>•പൂർവ്വ വിദ്യാർത്ഥി സംഘട നയുടെ പ്രവർത്തനം<br>•എസ്.എസ്.ജി എൽ.എസ്.ജി. ബന്ധം<br>•ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ,സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>•ക്ലാസ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>•വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂട്ടി പ്രയോജനപ്പെടുത്തൽ |

| | | |
|---|---|---|
| •പോഷകാഹാര പരിപാടി<br>•ഗണിതലാബ്,<br>•ഗണിതാന്തരീക്ഷമൊരുക്കൽ<br>• ഭാഷാ ലാബ്<br>• ബ്ലോഗ്<br>•ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ<br>•കായിക പഠനം<br>• ദിനാചരണം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>•ഗണിതോത്സവം<br>• മെട്രിക് മേള<br>• ചിത്രരചന<br>•മുതലമട വിഷൻ - vision - 2030 | | •പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം,<br>•പ്രാദേശിക പി.ടി.എ<br>•ഭവന സന്ദർശനം<br>•പഠനക്കൂട്ടം |

# 7. പദ്ധതി വിശദാംശങ്ങൾ

**(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)**

# അക്കാദമികം

## ഇംഗ്ലീഷ്

**പ്രവർത്തനം - 1**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാപ്പി ക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ SRG | NA |

**പ്രവർത്തനം - 2**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയ-ത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് അധ്യാപകർ | NA |

**പ്രവർത്തനം - 3**

**പ്രവർത്തനത്തിന്റെ പേര് : സ്കൂൾ റേഡിയോ**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ റേഡിയോ 'Voice of Mango City' | എല്ലാ വെള്ളിയാഴ്ച്ചകളിലും മൈക്കിലൂടെ ആ ആഴ്ച്ച നടന്ന പ്രധാന വാർത്തകൾ റേഡിയോ രീതിയിൽ അവതരണം | പ്രതിമാസം 5 അവതരണം | ഇംഗ്ലീഷ് അധ്യാപകർ SRG അധ്യ ാപകർ | 15,000 |

**പ്രവർത്തനം - 4**

**പ്രവർത്തനത്തിന്റെ പേര് : സ്പീക്കേഴ്സ് ഫോറം**

**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 'Speak Smart' ഓപ്പൺ ഫോറം | സഭാകമ്പം മാറി വേദികളെ ഇംഗ്ലീഷിൽ അഭിമുഖീകരിക്കാനുള്ള ശേഷി നേടുക. എല്ലാ ദിവസവും ക്ലാസിൽ 3 മിനിറ്റ് അവതരണം. | പ്രതിദിന പരിപാടി | ഇംഗ്ലീഷ് അധ്യാപകർ SRG | NA |

പ്രവർത്തനം **- 5**

**പ്രവർത്തനത്തിന്റെ** പേര് **:** ഇംഗ്ലീഷ് കോർണർ

ഉപമേഖല **:** ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | **NA** |

## മാതൃഭാഷ

**പ്രവർത്തനം - 6**

**പ്രവർത്തനത്തിന്റെ പേര് : രചനാ ശില്പശാല**

**ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകത രചനകളിൽ ഏർപ്പെടാൻ അവസരമൊരു ക്കൽ വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് കവിയരങ്ങ്, രചന ശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ് മുറിക്കയിലെ പഠന സാമഗ്രി ആയി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | **1000** |

**പ്രവർത്തനം - 7**

**പ്രവർത്തനത്തിന്റെ പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം**

**ഉപമേഖല : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, **SRG SITC** | **500** |

പ്രവർത്തനം - 8

**പ്രവർത്തനത്തിന്റെ** പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന /എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച് .എം & പി ടി എ | **500** |

**പ്രവർത്തനം - 9**

**പ്രവർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ**

**ഉപമേഖല : സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷി കളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം **SRG SITC** | **1000** |

**പ്രവർത്തനം - 10**

**പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ**

**ഉപമേഖല : സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | **SRG CLUB CONVENORS** | **1000** |

# ഗണിതം

**പ്രവർത്തനം - 11**

**പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ് സജ്ജീകരിക്കൽ**

**മേഖല /ഉപമേഖല : അക്കാദമികം / ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ് ആർ ജി ഗണിത ക്ലബ്ബ് | **NA** |

**പ്രവർത്തനം - 12**

**പ്രവർത്തനത്തിന്റെ പേര് : ഗണിത പാർക്ക്**

**മേഖല /ഉപമേഖല : അക്കാദമികം / ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരം ആക്കൽ | ജാമിതീയ രൂപങ്ങൾ ക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | **100000** |

# ശാസ്ത്രം

**പ്രവർത്തനം - 13**

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ**

**മേഖല /ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിനെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി ,ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | **10000** |

**പ്രവർത്തനം - 14**

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പോഷണ പരിപാടി**

**മേഖല /ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | **1000** |

**പ്രവർത്തനം - 15**

**പ്രവർത്തനത്തിന്റെ പേര് : പ്രതിഭാ പോഷണ പരിപാടി**

**മേഖല /ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ് ആർ ജി, **SUBJECT CONVENOR** | **1000** |

**പ്രവർത്തനം - 16**

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര യാത്രകൾ (Field Trip)**

**മേഖല /ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം ഒരു യാത്ര | സയൻസ് ക്ലബ് **HM SRG** | **25000** |

**പ്രവർത്തനം - 17**

**പ്രവർത്തനത്തിന്റെ പേര് : മേളകൾ**

**മേഖല /ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് SRG | **2000** |

# സാമൂഹ്യ ശാസ്ത്രം

**പ്രവർത്തനം - 18**

**പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലാബ്**

**മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | **50000** |

**പ്രവർത്തനം - 19**

**പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ**

**മേഖല /ഉപമേഖല :അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒന്ന് വീതം | എസ് ആർ ജി- സോഷ്യൽ സയൻസ് | **25000** |

**പ്രവർത്തനം: 20**

**പ്രവർത്തനത്തിന്റെ പേര്  : ഡിബേറ്റ് ക്ലബ്**

**മേഖല /ഉപമേഖല  :അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് ,പാനൽ ചർച്ച,പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | **3** മാസത്തിൽ ഒരിക്കൽ | **SRG Social Science** | **3000** |

**പ്രവർത്തനം - 21**

**പ്രവർത്തനത്തിന്റെ പേര്  : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ**

**മേഖല /ഉപമേഖല  : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ, ഇയർ ബുക്കുകൾ സാമൂഹ്യശാസ്ത്ര വായന കോർണർ ഒരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | **10000** |

**പ്രവർത്തനം - 22**

**പ്രവർത്തനത്തിന്റെ പേര്  : ബുള്ളറ്റിൻ ബോർഡ്**

**മേഖല /ഉപമേഖല  : അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുക ളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | **1000** |

# ഹിന്ദി

**പ്രവർത്തനം - 23**

**പ്രവർത്തനത്തിന്റെ പേര്    : രാഷ്ട്രഭാഷ, ശ്രേഷ്ഠ ഭാഷ**

**മേഖല /ഉപമേഖല    : അക്കാദമികം / ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ് | **1000** |

# കലാ-വിദ്യാഭ്യാസം

**പ്രവർത്തനം - 24**

**പ്രവർത്തനത്തിന്റെ പേര്    : കലാമണ്ഡലം**

**മേഖല /ഉപമേഖല    : അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം | നൃത്തം, സംഗീതം, ചെണ്ട തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡലം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം അവധിദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ് / കലാധ്യാപകൻ | **10000** |

# കായിക വിദ്യാഭ്യാസം

**പ്രവർത്തനം - 25**

**പ്രവർത്തനത്തിന്റെ പേര്** : **കായിക പരിശീലനം**

**മേഖല /ഉപമേഖല** : **അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്നുദിവസം | പിടിഎ കായികാധ്യാപകൻ | സ്പോൺസർഷിപ്പ് |

**പ്രവർത്തനം - 26**

**പ്രവർത്തനത്തിന്റെ പേര്** : **ക്ലാസ് പി ടി എ സജീവമാക്കൽ**

**മേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതുചർച്ച എന്നിവ ഉണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | **NA** |

# ഭൗതികം

**പ്രവർത്തനം - 1**

**പ്രവർത്തനത്തിന്റെ പേര്** : **ചുറ്റുമതിൽ /കവാടം**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായ സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ /ആകർഷകമാക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമിക്കുക മുൻവശത്തെ ചുറ്റുമതിൽ ,കവാടം ആകർഷകമാക്കുക | 2 വർഷം | പി ടി എ, എൽ എസ് ജി ഡി | ജില്ലാ പഞ്ചായത്ത് |

**പ്രവർത്തനം - 2**

**പ്രവർത്തനത്തിന്റെ പേര്** : **പുതിയ മന്ദിരം**

**മേഖല /ഉപമേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമി പ്രവർത്തനം കാര്യക്ഷമമാക്കാൻ | സൗകര്യപ്രദമായ സ്ഥലത്ത് ഇരു നിലകളിലായി ഓഫീസ് റൂം ,സ്റ്റാഫ് റൂം, ക്ലാസ് മുറികൾ എന്നിവയുടെ നിർമ്മാണം | 2 വർഷം | പി ടി എ, **L S G D** | **MLA Fund** |

**പ്രവർത്തനം - 3**

**പ്രവർത്തനത്തിന്റെ പേര്** : **ശൗചാലയ സമുച്ചയം**

**മേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരു നിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | 2 വർഷം | പി ടി എ, **L S G D** | **MLA Fund** |

**പ്രവർത്തനം - 4**

**പ്രവർത്തനത്തിന്റെ പേര്	: ഡൈനിംഗ് ഹാൾ**

**മേഖല	: ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിങ് ഹാൾ ഒരുക്കൽ | **2** വർഷം | പി ടി എ, **L S G D** | **MLA Fund** |

**പ്രവർത്തനം - 5**

**പ്രവർത്തനത്തിന്റെ പേര്	: കുടിവെള്ള വിതരണം**

**മേഖല	: ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം ടാങ്കിൽ നിന്നും ടോയ്ലറ്റ് വാഷ് ടബ്ബ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ,<br>പുതിയ ഫിൽട്ടറുകൾ സ്ഥാപിക്കൽ. | **6** മാസം | പി ടി എ, **HM** | ജില്ലാ പഞ്ചായത്ത് / സ്പോൺസർഷിപ്പ് |

# സാമൂഹികം

**പ്രവർത്തനം - 1**

**പ്രവർത്തനത്തിന്റെ പേര്	: പൂർവ വിദ്യാർത്ഥി സംഗമങ്ങൾ**

**മേഖല	: സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകൾ ആയി പൂർവവിദ്യാർഥിസംഗമം വിളിച്ചുചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ് എസ് ജി, ഓ എസ് എ | ഒ എസ് എ |

**പ്രവർത്തനം - 2**

**പ്രവർത്തനത്തിന്റെ പേര് : പൂർവ്വ അദ്ധ്യാപക സംഗമം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കി | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കുക | രണ്ട് വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | സ്റ്റാഫ് ഫണ്ട് |

**പ്രവർത്തനം - 3**

**പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്ക് ഇ -സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വൈകുന്നേരങ്ങളിൽ അവധിദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ ഒന്നു വീതം | എച്ച് എം, ഐടി @സ്കൂൾ, എസ് ഐ ടി സി | **NA** |

**പ്രവർത്തനം - 4**

**പ്രവർത്തനത്തിന്റെ പേര് : PSC കോച്ചിംഗ് ക്ലാസ്**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിൽ പി എസ് സി യ്ക്ക് വിധധ തസ്തികകളിൽ ജോലി തേടുന്നവർക്ക് കോച്ചിങ് ക്ലാസ് | എല്ലാ ഞായറാഴ്ച്ചകളിലും പൊതു അവധി ദിനങ്ങളിലും | **PTA** | **OSA** |

**പ്രവർത്തനം - 5**

**പേര്** : **വായനാക്കൂട്ടം**

**മേഖല** : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാ തത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | **NA** |

## <u>8. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ):</u>

- **ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.**
- **സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.**
- **വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.**
- **വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.**
- **മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.**

## <u>9. മോണിട്ടറിംഗ് രീതി:</u>

- **ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.**
- **ദൈനംദിന മോണിട്ടറിംഗ് (HM, Principal)**
- **സോഷ്യൽ മോണിട്ടറിംഗ് രീതി (PTA)**

## 10. ഉപസംഹാരം:

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അനുബന്ധം

**അനുബന്ധം - 1.** **വിദ്യാലയത്തിന്റെ സ്കെച്ചും പ്ലാനും**

## അനുബന്ധം - 2. മികവുകൾ, നേട്ടങ്ങൾ

| നടപ്പുവർഷം | മുൻ വർഷം |
|---|---|
| . കുട്ടികളുയുടെയും ഭവന സന്ദർശനം<br>. ക്ലാസ് PTA<br>. ബോധവൽക്കരണ ക്ലാസുകൾ<br>. പരമാവധി SSLC വിജയശതമാനം ഉയർത്തുവാൻ സാധിച്ചു . | . സ്കൂൾ ബസ്<br>. പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>. പ്രാദേശീക പി.ടി.എ യോഗങ്ങൾ<br>. പഠന കൂട്ടങ്ങൾ |

## അനുബന്ധം - 3. കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ

| Year | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| 2025-26 | | | | | | |
| 2025-24 | | | | | | |
| 2024-23 | | | | | | |
| 2023-22 | | | | | | |
| 2022-21 | | | | | | |

അനുബന്ധം: 4

നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

PTA:

## SDC: SCHOOL DEVELOPMENT COMMITTEE:

## SMC: SCHOOL MANAGEMENT COMMITTEE:

**OSA-OLD STUDENT ASSOCIATION:**